പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3761 | 11.12.2018-ലെ മറുപടിക്ക്

**മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്**

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ നിർത്തിവെച്ച വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ട സിവിൽ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക അതിൽ ഉൾപ്പെട്ട കടമുറി കൾ ലേലം ചെയ്ത് പൊതുജനത്തിന് നൽകി സ്വരൂപിക്കാനാണ് കെ.എസ്.ആർ.ടി.സി വിഭാവനം ചെയ്തത്. എന്നാൽ 2 തവണ ലേല നടപടികൾ നടത്തിയിട്ടും ആയതിന് ആവശ്യ മായ തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ തന്നെ തൽക്കാലം മലപ്പുറം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ നിർത്തി വച്ചിരിക്കുകയാണ്. 2018 ഡിസംബർ 15-ാം തീയതി വീണ്ടും ലേലം നടത്തി പ്രസ്തുത ഷോപ്പുകൾ ആവശ്യ ക്കാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിൽ നിന്നും വരുമാനം ലഭ്യമാകുന്നമുറക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | എഗ്രിമെന്റിൽ പറഞ്ഞതിൽ ഏതു ഘട്ടം വരെയുള്ള ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; കരാറുകാര ന് പാർട്ട് ബിൽ മാറി നൽകിയിട്ടു ണ്ടോ; | (ബി) | സിവിൽ സ്ട്രക്ച്ചറൽ പ്രവൃത്തികൾ പൂർത്തീ കരിച്ചിട്ടുണ്ട്. 1st പാർട്ട് ബിൽ തുക മുഴുവനും അനുവദിച്ച് നൽകിയിട്ടുണ്ട്. 2nd പാർട്ട് ബില്ലിന്റെ 70% തുകയും നൽകിയിട്ടുണ്ട്. |
| (സി) | നിർമ്മാണ നടപടികൾ അടിയന്തര മായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ എന്നറിയി ക്കാമോ? | (സി) | വാണിജ്യ സാധ്യതയുള്ള സ്ഥലങ്ങളും, കടകളും ലേലം ചെയ്ത് പലിശരഹിത നിക്ഷേപം സമാഹരിച്ച് കരാറുകാരന് നൽകാനുള്ള തുക നൽകി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ ശ്രമം നടത്തുന്ന താണ്. |

**സെക്ഷൻ ഓഫീസർ**